നവംബർ – ഡിസംബർ 2021

# മുസിരിസ് വാർത്ത

www.muzirisheritage.org
muzirisheritage

മുസിരിസ്
പൈതൃക പദ്ധതി



# പണ്ഡിറ്റ് കറുപ്പൻ

## സാമൂഹിക പരിഷ്കർത്താവിലെ പൈതൃക സ്നേഹി

message



**ശ്രീ. വി.ആർ. കൃഷ്ണതേജ IAS**
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്,
കേരളസർക്കാർ

ലോകത്തിലെ ഏറ്റവും മികച്ച ടൂറിസ്റ്റ് മാർക്കുകളിൽ ഒന്നായി കേരളം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക സംരംഭകരും പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തിയുള്ള ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങളും നയിക്കുന്ന പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയാണ് ഇത് നേടിയത്. മുസിരിസ് പൈതൃക പദ്ധതി തീരദേശ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രദർശിപ്പിച്ച് മുന്നേറുകയാണ്. വറ്റാത്ത നദികളാൽ പോഷിപ്പിക്കപ്പെടുന്ന തടാകങ്ങളുടെ ഒരു ശൃംഗല ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. മുസിരിസിന്റെ കിരീടത്തിലെ ആഭരണം അതിന്റെ കായലുകളുടെ ശൃംഖലയും വിവിധ ജലാശയങ്ങളുടെ തീരത്ത് കാണുന്ന സ്മാരകങ്ങളുമാണ്. പ്രകൃതി സൗന്ദര്യവും പൈതൃക സങ്കൽപ്പവും കൊണ്ട് മുസിരിസ് എന്നും ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുവാൻ പ്രാപ്തമാണ്. പകർച്ചവ്യാധികൾ മൂലം 2021 കേരള ടൂറിസത്തിന് വൻ തിരിച്ചടിയാണ് നേരിടേണ്ടിവന്നത്. പ്രതിസന്ധിയെ പൂർണമായി മറികടക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല; എന്നിരുന്നാലും, ശാസ്ത്രീയമായി വിശകലനം ചെയ്ത മികച്ച പദ്ധതികളുടമായി മുന്നോട്ട് പോകുന്നു. ടൂറിസം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ടൂറിസം വ്യവസായത്തിലെ നമ്മൾ ഓരോരുത്തരും കൃത്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കേരള ടൂറിസത്തെ അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിൽ എല്ലാ വിജയത്തിനും എന്റെ അഭിനന്ദനങ്ങളും ആശംസകളും...



**പ്രത്യേക നന്ദി**
പൂയപ്പിള്ളി തങ്കപ്പൻ
ഗോപിനാഥ് പനങ്ങാട്
സജ്ന വസന്ത് രാജ്
കെ.എച്ച്. കലേഷ് ബാബു

# പണ്ഡിറ്റ് കറുപ്പൻ എന്ന സാമൂഹിക പരിഷ്കർത്താവിലെ


# പൈതൃക സ്നേഹി


- **ബി. ജ്യോതിഷ് കുമാർ**
- **റിമ എം.എസ്.**


കൊച്ചി രാജ്യത്ത് 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നിശബ്ദമായ സാമൂഹ്യ മുന്നേറ്റത്തിനും നവോത്ഥാനത്തിനും വിത്തുപാകിയ വ്യക്തിയാണ് കേരള ലിങ്കൻ എന്ന് വിശേഷിപ്പിക്കുന്ന പണ്ഡിറ്റ്കറുപ്പൻ. കേരള ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് അടുത്തകാലംവരെ മാറ്റിനിർത്തപ്പെട്ട കെ പി കറുപ്പൻ (കണ്ടത്തിൽ പറമ്പിൽ പപ്പു കറുപ്പൻ) സാഹിത്യത്തെ സാമൂഹ്യ മാറ്റത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയ പരിഷ്കർത്താവായിരുന്നു. 1885 ൽ ചേരനല്ലൂരിലെ വാലസമുദായത്തിൽ ജനിച്ച കറുപ്പൻ സാമൂഹ്യ അസമത്വ ദൂരീകരണത്തിന് സാഹിത്യത്തെയും സംഘടനകളെയും മുൻനിർത്തി തന്റെ സമുദായം ഉൾപ്പെടെയുള്ള അവർണ്ണ സമുദായങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും അവർക്കായി ഒരു പൊതു ഇടം സൃഷ്ടിക്കുകയും ചെയ്തവരിൽ പ്രധാനിയായിരുന്നു കറുപ്പൻ. സ്വന്തം ജീവിതം സൃഷ്ടിക്കാനും നിലനിർത്താനും കൊച്ചിരാജ്യത്തെ അവർണ്ണ ജനതയെ പ്രാപ്തരാക്കാൻ ശ്രമിച്ച കറുപ്പൻ അവരെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്താൻ വേണ്ട എല്ലാവിധ പ്രവർത്തനങ്ങളിലും പങ്കാളിയായിരുന്നു. അതോടൊപ്പം നമ്മുടെ സ്പർശിതവും അസ്പർശിതവും ആയ പൈതൃകസമ്പത്ത് സംരക്ഷിക്കപ്പെടണം എന്ന് അക്കാലത്ത് അദ്ദേഹം

ആഗ്രഹിച്ചിരുന്നു. അദ്ദേഹം ദശാബ്ദങ്ങൾക്കുമുൻപ് കണ്ട സ്വപ്നം ഇന്ന് മുസിരിസ് പൈതൃക പദ്ധതിയിലൂടെ നടപ്പിലാക്കുകയാണ്.

പണ്ഡിറ്റ് കറുപ്പനെ ഏറ്റവും ശ്രദ്ധേയമാക്കിയത്കൊച്ചിയിലെ ചില സവിശേഷ സാഹചര്യങ്ങളെ കേന്ദ്രമാക്കിക്കൊണ്ട് എഴുതപ്പെട്ട ആദ്യത്തെ സാമൂഹ്യവിപ്ലവ കൃതിയായ 'ജാതിക്കുമ്മി'യാണ്. കേരളത്തിന്റെ നവോത്ഥാന



■ പണ്ഡിറ്റ് കറുപ്പന്റെ കയ്യെഴുത്ത് പ്രതി

ചരിത്രത്തിൽ ഏറ്റവും ശക്തമായ ഇടപെടൽ നടത്തിയ 'ജാതിക്കുമ്മി'യെ മലയാളത്തിലെ ആദ്യത്തെ സാമൂഹ്യവിപ്ലവ കൃതിയായി പരിഗണിക്കാവുന്നതാണ്. സാമൂഹിക അസമത്വങ്ങളെ പൊതുസമൂഹത്തിൽ അവതരിപ്പിക്കാൻ തന്റെ കൃതികളിലൂടെ ശ്രമിച്ച കറുപ്പൻ സ്വാഭിമാന ബോധം ഇല്ലാത്ത ഒരു ജനതയ്ക്ക് ഒരിക്കലും സ്വാതന്ത്ര്യം നേടാൻ സാധിക്കില്ല എന്ന് വിശ്വസിച്ചു. ശങ്കരാചാര്യരുടെ മനീഷാപഞ്ചകത്തെ ഉപജീവിച്ചുകൊണ്ട് എഴുതിയ ജാതിക്കുമ്മിയുടെ ആധാരം ശങ്കരാചാര്യരും ചണ്ഡാലനും തമ്മിൽ നടന്ന സംവാദമാണ്. ഇടക്കൊച്ചി, കൊടുങ്ങല്ലൂർ, മുളവുകാട്, എറണാകുളം തുടങ്ങിയ പ്രദേശങ്ങളിലും മറ്റു ഭാഗങ്ങളിലുള്ള വാലസമുദായവും പുലയർ, പറയർ തുടങ്ങിയ മറ്റു അവർണ്ണ വിഭാഗങ്ങളും ജാതിക്കുമ്മി ഹൃദ്യസ്ഥമാക്കിയിരുന്നു. നിരക്ഷരരായ ജനതയ്ക്ക് ചൊല്ലാൻ പറ്റുന്ന രീതിയിലുള്ള നാടോടി പാട്ട് രൂപത്തിലാണ് പ്രസ്തുത കൃതി ജനമധ്യത്തിലെത്തിയത്. അവർണ്ണർ അനുഭവിക്കുന്ന ദുരിതങ്ങളുടെ തീവ്രത പലപ്രകാരത്തിൽ വിവരിക്കുന്ന ഈ കൃതി നാടുവാണിരുന്ന രാജാവിനോട് ഇത്തരം ദുരാചാരങ്ങൾ നീക്കാനുള്ള വിളംബരങ്ങൾ പുറപ്പെടുവിക്കുവാൻ അഭ്യർത്ഥിക്കുന്നുമുണ്ട്. കൃതി പ്രസിദ്ധീകൃതമായി വർഷങ്ങൾക്കു ശേഷമാണ് കേരളത്തിൽ അയിത്തോച്ചാടന പ്രക്ഷോഭങ്ങൾ ആരംഭിച്ചത്.

അതുപോലെ നവോത്ഥാന ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം അവകാശപ്പെടാൻ കഴിയുന്ന മറ്റൊരുകൃതിയാണ് 'ബാലകലേശം'. ഈ നാടകത്തിലെ പ്രതിപാദ്യവിഷയം കൊച്ചിരാജ്യത്തെ ഭരണപരിഷ്കാരമാണ്. കൊച്ചിരാജ്യത്ത് അന്ന് നിലനിന്നിരുന്ന 'തീണ്ടൽ' എന്ന ആചാരത്തിനെ ഒരു കുറ്റമായി അവതരിപ്പിക്കാനും ബ്രാഹ്മണനെ വധശിക്ഷക്കു നൽകാൻ പാടില്ല എന്ന നിയമത്തിനെതിരെ സാഹിത്യസൃഷ്ടി നടത്താനുള്ള ആർജ്ജവം കാണിച്ചു എന്നത് കറുപ്പന് അവകാശപ്പെടാവുന്നതാണ്. അവർണ്ണരുടെ ഉന്നമനത്തിനായി അദ്ദേഹം ആരംഭിച്ച വിവിധ പദ്ധതികൾ പ്രാവർത്തികമാക്കാനായി 'രാജസ്തുതി' എന്ന നയമാണ് സ്വീകരിച്ചിരുന്നത്.

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ അധകൃത കോളനികൾ സ്ഥാപിക്കാൻ അനുമതി നേടിയെടുത്തിരുന്ന പൗരബോധവുമുള്ള ആധുനിക കോളനികളിൽ ശുചിത്വവും സഹജസ്നേഹവും വളർത്തുന്നതിനായി രചിച്ച കൃതിയാണ് ആചാരഭൂഷണം. ആചാരഭൂഷണം പ്രസിദ്ധീകൃതമായതിനു ശേഷമുള്ള കൊച്ചിയിലെ അവർണ്ണരുടെ ജീവിതശൈലിയിലുണ്ടായ മാറ്റം പരിശോധിച്ചാൽ ചരിത്രപരമായ ഒരു നിയോഗമാണ് ഈ കൃതി ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും. അവർണ്ണരുടെ സ്വാഭിമാന സൃഷ്ടിക്കായി കറുപ്പൻ നിർവ്വഹിച്ച മറ്റൊരു ചരിത്രദൗത്യമായിരുന്നു 1934 - ലെ ചാത്തുണ്ണിപ്പണിക്കർ സ്മാരക പ്രസംഗം. കൊച്ചിയിലെ നാട്ടുഭാഷാ സൂപ്രണ്ടായിരുന്ന അദ്ദേഹം ഇതിനായി വിവിധ സമുദായത്തിലെ കഴിവുള്ള കലാകാരന്മാരെ കണ്ടെത്തി തന്റെ ഭവനത്തിൽ കൊണ്ടുവരികയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു നശിച്ചുകൊണ്ടിരുന്ന അവരുടെ കലാ - സാംസ്കാരിക പൈതൃകത്തിന് ഒരു പുതുജീവനും ചൈതന്യവും പ്രദാനം ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതോടൊപ്പം അവരെക്കൊണ്ടു നാടൻപാട്ടുകൾ പാടിക്കുകയും അവരുടെ



■ പണ്ഡിറ്റ് കറുപ്പൻ ആനാപ്പുഴയിൽ സ്ഥാപിച്ച കല്ല്യാണദായിനി സഭ

ഗാനങ്ങളിലെ അക്ഷരതെറ്റുകളെ ശരിയാക്കി പകർത്തിയെടുക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ സന്ദർഭോചിതമായി ഗാനങ്ങളും കലകളും അവതരിപ്പിക്കപ്പെട്ടു. അന്യംനിന്ന് പോകുമായിരുന്ന ഒട്ടേറെ നാടൻപാട്ടുകൾ അദ്ദേഹത്തിലൂടെ പുനരവതരിപ്പിക്കപ്പെട്ടു.

കൊച്ചി രാജ്യത്ത് സ്ഥാപിക്കപ്പെട്ട വിവിധ സഭകളിലൂടെയായിരുന്നു കറുപ്പൻ പരിഷ്ക്കാര പ്രവർത്തനങ്ങൾ പ്രധാനമായും നടപ്പിലാക്കിയത്. സംസ്ഥാനത്ത് ആദ്യം രൂപീകരിക്കുന്ന സംഘടനയാണ് 1909 ൽ തേവരയിൽ സ്ഥാപിക്കപ്പെട്ട വാലസമുദായ പരിഷ്ക്കരിണി സഭ. പിന്നീട് സുധർമ്മ സൂര്യോദയം സഭയായി ഈ സഭ പുനർനാമകരണം ചെയ്യപ്പെട്ടു. കൊടുങ്ങല്ലൂരിലെ ആനാപ്പുഴയിൽ സ്ഥാപിച്ച കല്യാണിദായിനി സഭ, കുമ്പളം ഗ്രാമത്തിൽ സ്ഥാപിച്ച സന്മാർഗ്ഗദീപം സഭ, എറണാകുളം ഷൺമുഖപുരത്ത് സ്ഥാപിച്ച ഷൺമുഖവിലാസം സഭ, വടക്കൻ പറവൂരിൽ സ്ഥാപിച്ച പ്രബോധ ചന്ദ്രോദയം സഭ, വൈപ്പിൻ കരയിലെ അയ്യമ്പിള്ളിയിൽ സ്ഥാപിച്ച സുധർമ്മോദയം എന്നിവ കറുപ്പൻ സ്ഥാപിച്ച പ്രധാനപ്പെട്ട സഭകൾ ആയിരുന്നു.  അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ബോധവൽക്കരണമായിരുന്നു ഈ സഭകളുടെ മുഖ്യലക്ഷ്യം.  കാലഹരണപ്പെട്ട സാമുദായികാചാരങ്ങളും വിശ്വാസങ്ങളും ഇല്ലാതാക്കി തൽസ്ഥാനത്ത് പുരോഗമനാത്മകവും ക്രിയാത്മകവുമായ പരിവർത്തനങ്ങൾ ഉണ്ടാക്കുവാൻ ഈ സഭകൾ പരിശ്രമിച്ചു.

കൊച്ചി പുലയ മഹാസഭയുടെ രൂപീകരണവും കറുപ്പൻ സാദ്ധ്യമാക്കി. ജ്ഞാനോദയം പ്രവർത്തനഫലമായി വാലൻമാരുടെ ആരാധനാനാമത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. യക്ഷിമാടൻ, മുത്തപ്പൻ, ചാത്തൻ, ഗന്ധർവ്വൻ എന്നിവയുടെ ആരാധനയ്ക്ക് പകരം സുബ്രഹ്മണ്യൻ, ശിവൻ, ഗണപതി എന്നിവ ആരാധനാമൂർത്തികളായി മാറി. 1925 ൽ രൂപികൃതമായ കൊച്ചി നിയമസഭയിലെ നോമിനെറ്റഡ് സാമാജികൻ എന്ന നിലയിൽ അവർണ്ണരുടെ വിദ്യാഭ്യാസത്തിനായി പ്രവർത്തിച്ചു. ഒരു രാജ്യം പരിഷ് കൃതമായി തീരുന്നത് അതിലെ സസ്യസമൃദ്ധിയെയോ മറ്റോ മാത്രം ആശ്രയിച്ചല്ല എന്നും അവിടുത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിലാണ് അതിന്റെ പരിഷ്ക്കാരം പ്രതിഷ്ഠാപിതമായിരിക്കുന്നതെന്ന് കൊച്ചി നിയമസഭയിൽ പറയാൻ കറുപ്പനു കഴിഞ്ഞു. പ്രാഥമിക വിദ്യാഭ്യാസത്തിൽ സർക്കാർ കൂടുതൽ ശ്രദ്ധിക്കണമെന്നും അവർക്കായി പ്രത്യേക പാഠശാലകൾ സ്ഥാപിച്ചുകൊടുക്കണമെന്നും കൊച്ചി നിയമസഭയിൽ ആദ്യമായി വാദിച്ചത് പണ്ഡിറ്റ് കറുപ്പനായിരുന്നു. കവി, അദ്ധ്യാപകൻ, സാമൂഹ്യ പരിഷ് കർത്താവ് നിയമസഭാസാമാജികൻ എന്നീ നിലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച പണ്ഡിറ്റ് കെ പി. കറുപ്പൻ നിർണ്ണ യിക്കാനാവാത്ത മഹത്വത്തിന്റെ ഉടമയായിരുന്നു. ചുരുക്കത്തിൽ, അലസവും അസംഘടിതവുമായി മാറിക്കിടന്ന അവർണ്ണ സമുദായത്തെ തട്ടിയുണർത്തി നാഗരികതയിലേക്ക് നയിക്കുവാൻ കറുപ്പന് സാധിച്ചു.





# സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്



## വിദ്യാർത്ഥികളുടെ സാംസ്കാരിക പൈതൃക മഹാമേള

കേരളചരിത്രത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ദൃശ്യാനുഭവത്തോടുകൂടിയുള്ള അറിവ് പകർന്നു നൽകുന്നതിനായി മുസിരിസ് പൈതൃക പദ്ധതി പരിചയപ്പെടുത്തുന്ന പഠന വിനോദയാത്രയാണ് സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക്. 2021 നവംബർ മാസത്തിൽ ഈ സംരംഭത്തിനു തുടക്കം കുറിച്ചു. പുരാതന തുറമുഖ നഗരമായ മുസിരിസിന്റെ സമ്പന്നമായ സംസ്കാരത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായാണ് സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് എന്ന ആശയം ആദ്യമായി കേരളത്തിൽ അവതരിപ്പിക്കുന്നത്.



# സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക് ട്രയൽ റൺ

നവംബർ 11മുതൽ പൈതൃക നടത്തത്തിന്റെ ട്രയൽ റൺ നടന്നു. വി കെ രാജൻ മെമ്മോറിയൽ ജി എച്ച് എസ് സ്കൂൾ പുല്ലൂറ്റ്, എടവിലങ്ങ് ജി എച്ച്എസ്എസ്, ഗവ. ഗേൾസ് ഹൈസ്കൂൾ പറവൂർ, ഗവ. ബോയ്സ് പറവൂർ തുടങ്ങിയ സ്ക്കൂളുകളിൽ നിന്നുള്ള കുട്ടികളെയും ഉൾപ്പെടുത്തിയായിരുന്നു ആദ്യഘട്ടം.



## റെസിഡൻഷ്യൽ പ്രോഗ്രാം

പൈതൃക നടത്തത്തിന്റെ ദ്വിദിന പരിപാടി ഡിസംബർ 12, 13 തീയതികളിൽ നടന്നു. കോട്ടപ്പുറത്തുനിന്നും ആരംഭിച്ച ബോട്ട് യാത്ര ചേന്ദമംഗലത്തു സ്ഥിതി ചെയ്യുന്ന പാലിയം കോവിലകം, പാലിയം നാലുകെട്ട് മ്യൂസിയങ്ങളിൽ എത്തിച്ചേർന്നു. മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പുരാവസ്തുക്കളുമായി നേരിട്ട് സംവദിക്കാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു. അന്നേദിവസം തന്നെ കോട്ടപ്പുറം കോട്ടയും സന്ദർശിച്ചു. വൈകീട്ടോടുകൂടി ചവിട്ടുനാടകം വിദ്യാർത്ഥികളുടെ മുന്നിൽ അവതരിപ്പിച്ചു. രണ്ടാം ദിനം മുനമ്പം ബോട്ട് നിർമാണ ശാലയിലേക്കാണ് പോയത്. തുടർന്ന് പറവൂർ ജൂതപ്പള്ളി സന്ദർശിച്ച ശേഷം ചീനവല തുടങ്ങി പരമ്പരാഗത മൽസ്യ ബന്ധന മേഖലകൾ സന്ദർശിക്കുവാനും മത്സ്യബന്ധന രീതി, നാട്ടറിവുകൾ തുടങ്ങിയവ പഠന വിധേയമാക്കാനുമുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിച്ചു. തുടർന്ന് കോട്ടപ്പുറം വാട്ടർഫ്രണ്ടിൽ എത്തിയാണ് യാത്ര അവസാനിച്ചത്. പൈതൃക നടത്തത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി വിവിധ മ്യൂസിയങ്ങളുടെ ആക്റ്റിവിറ്റി ബുക്ക്, ജൂട്ട് ക്യാപ്പ്, നെയ്തെടുത്ത ബാഗ്, വിത്തുകൾ നിറച്ച പരിസ്ഥിതി സൗഹൃദ എഴുത്ത്പേന, തുടങ്ങിയവ ഉൾപ്പെടുന്ന പഠന കിറ്റും വിതരണം ചെയ്തു.

## ലോക പൈതൃക വാരാഘോഷ സമാപനം

മുസിരിസ് പൈതൃക പദ്ധതി സംഘടിപ്പിച്ച ലോക പൈതൃക വാരാഘോഷ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നവംബർ 2 ഉദ്ഘാടനം ചെയ്തു. ലോക വിനോദ സഞ്ചാര ഭൂപടത്തിൽ ഇടം പിടിച്ച മുസിരിസ് പൈതൃക പദ്ധതി, ലോക പൈതൃക വാരാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന പൈതൃക നടത്തം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ 8,9 ക്ലാസുകളിലെ 55 കുട്ടികൾക്ക് പുതിയ അനുഭവമായി. പറവൂർ ജൂത സിനഗോഗ്, ഗോതുരുത്ത് ചവിട്ടുനാടക വേദി, കോട്ടപ്പുറം കോട്ട, പാലിയം നാലുകെട്ട്, പാലിയം കോവിലകം എന്നിവ സന്ദർശിച്ച വിദ്യാർത്ഥികൾ ബോട്ട് യാത്രയും നടത്തി. തച്ചു ഗണിതശാസ്ത്ര വിദ്യയിലൂന്നിയ പരമ്പരാഗത കളിപ്പാട്ടമായ 'ഏടാകൂടം' കുട്ടികളെ പരിചയപ്പെടുത്തി. വിദ്യാർത്ഥികൾക്കായി ചവിട്ടുനാടകം അവതരിപ്പിച്ചു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും ചരിത്ര മ്യൂസിയങ്ങളുടെ കൈപ്പുസ്തകം ഉൾപ്പെടെയുള്ള പഠനകിറ്റ് വി ഡി സതീശൻ വിതരണം ചെയ്തു. നഗരസഭാദ്ധ്യക്ഷ വി എ പ്രഭാവതി അദ്ധ്യക്ഷയായി. മുസിരിസ് പൈതൃക പദ്ധതി എം ഡി പി എം നൗഷാദ്, വാർഡ് കൗൺസിലർ എം കെ ബാനർജി, മുസിരിസ് മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, സ്കൂൾ പ്രധാന അധ്യാപിക എ എസ് സിനി എന്നിവർ പ്രസംഗിച്ചു.







## ഹെറിറ്റേജ് വാക്ക് – പുല്ലൂറ്റ് സ്കൂൾ

പുല്ലൂറ്റ് വി.കെ. രാജൻ സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പൈതൃക നടത്തം കൊടുങ്ങല്ലൂർ എം എൽ എ അഡ്വ. വി ആർ സുനിൽകുമാർ ഉദ്ഘാടനം ചെയ്തു.






# India@75

# കോട്ടപ്പുറം കായലോരത്തിന് ആവേശമായി നാവീകസേനയുടെ കരുത്ത്

"ആസാദി കാ അമൃത് മഹോത്സവ്" ആഘോഷങ്ങളുടെ ഭാഗമായി  ഇന്ത്യൻ നേവി മുസിരിസ് പൈതൃക പദ്ധതിയുമായി സഹകരിച്ച് നടത്തിയ വെയലർ പുള്ളിങ്ങ് & ഓഫ് ഷോർ സൈക്ലിംഗ് പരിപാടി മുസിരിസ് ആംഫി തിയ്യറ്ററിൽ നവംബർ 13 ന നടന്നു. കൊച്ചി നേവൽ ബേസിൽ നിന്നാരംഭിച്ച് മുസിരിസ് പൈതൃക പദ്ധതി പ്രദേശത്ത് അവസാനിക്കുന്ന പരിപാടി ഇന്ത്യൻ നാവീക സേനയിലെ ഫസ്റ്റ് ട്രയിനിംഗ് സ്ക്വോഡ്രൺ അംഗങ്ങളാണ് പങ്കെടുത്തത്. ഏഴിമല നാവീക അക്കാദമിയിൽ നിന്നും പഠനം പൂർത്തിയാക്കി നേവൽ ബേസിൽ 6 മാസത്തെ പരിശീലനത്തിനെത്തിയ 175 പേരാണ് സംഘത്തിലുണ്ടായിരുന്നത്. കൊച്ചിയിലെ നാവിക ആസ്ഥാനത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ താണ്ടിയാണ് സംഘങ്ങൾ കോട്ടപ്പുറം ആംഫി തിയേറ്ററിലെത്തിയത്. കോട്ടപ്പുറം ആംഫി തീയറ്ററിൽ നടന്ന സ്വീകരണചടങ്ങ് വി.ആർ. സുനിൽകുമാർ എം എൽ എ  ഉദ്ഘാടനം ചെയ്തു. 'തീർ' കപ്പലിന്റെ കമാന്റിംഗ് ഓഫീസറും നാവീകസേന  ആദ്യ പരിശീലന സ്ക്വാഡ്രൺ സീനിയർ ഓഫീസർ ക്യാപ്റ്റൻ അഫ്താബ് അഹമ്മദ് ഖാൻ മുഖ്യാതിഥിയായി.




ചടങ്ങിൽ നഗരസഭ കൗൺസിലർമാരായ ടി. ഡി വെങ്കിടേശ്വരൻ, വി എം ഫ്രാൻസിസ് ബെക്കൻ, വി എം ജോണി, കമ്മാന്റർമാരായ മിഥുൻ മോഹൻ, പ്രശാന്ത്ഷന്ഡിലിയ, മുസിരിസ് മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, മ്യൂസിയം മാനേജർമാരായ സജന വസന്ദരാജ്, നിമ്മി കെ.ബി., ഡോ. മിഥുൻ ശേഖർ, എന്നിവർ പങ്കെടുത്തു. തുടർന്ന് വേദിയിൽ കലാകാരന്മാർ ജ്ഞാനസുന്ദരി ചവിട്ടുനാടകം അവതരിപ്പിച്ചു.



## ഓളപ്പരപ്പിൽ സൗരോർജ്ജ ബോട്ട്

സഞ്ചാരികൾക്കായി മുസിരിസ് ഓളപ്പരപ്പിൽ ഇനി സൗരോർജ്ജ ബോട്ടും. ഇതിനായി കൊച്ചി രാജ്യാന്തര വിമാനത്താവളം കമ്പനി(സിയാൽ) മുസിരിസ് പൈതൃക പദ്ധതിക്ക് നടത്തിപ്പിനായി കൈമാറിയ ബോട്ട് നവംബർ 4 ന് കോട്ടപ്പുറം കായലോരത്തെത്തി. സിയാലിന്റെ ഉപകമ്പനിയായ കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന്റെയാണ് ബോട്ട്. കൊവിഡ് മഹാമാരിക്ക് ശേഷം വിനോദ സഞ്ചാര മേഖലയിലുണ്ടായ ഉണർവ്വിന്റെ പശ്ചാത്തലത്തിലാണ്, സിയാലിന്റെ സൗരോർജ്ജ ബോട്ട് മുസിരിസ് പൈതൃക പദ്ധതിയുടെ യാത്രാ സർക്ക്യൂട്ടിൽ ഉൾപ്പെടുത്തിയത്. 24 സീറ്റുകളുള്ള സൗരോർജ്ജ ബോട്ടിൽ 15സോളാർ പാനലുകളാണ് ഘടിപ്പിച്ചിട്ടുള്ളത്. ഒരു തവണ ചാർജ്ജ് ചെയ്താൽ അഞ്ചു മണിക്കൂർ വരെ യാത്ര ചെയ്യാൻ കഴിയും. ബോട്ടിലെ 12സീറ്റുകൾ ശീതീകരിച്ചതാണ്. കോട്ടപ്പുറം ജെട്ടിയിലെത്തിച്ച ബോട്ട് സിയാൽ ഡെപ്യൂട്ടി ജനറൽ മാനേജർ സതീഷ് കുമാർ, മുസിരിസ് മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിന് കൈമാറി. മ്യൂസിയം മാനേജർ സജ്ന വസന്തരാജ്, ജൂനിയർ എക് സിക്യൂട്ടീവ്മാരായ അഖിൽ എസ്.ഭദ്രൻ, ഹരൺ ദത്ത്, പി ഡി ബിന്ദു എന്നിവർ സന്നിഹിതരായിരുന്നു.



## ബോട്ടിംഗ്

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെ നേതൃത്വത്തിൽ  ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെട്ട സംഘം നവംബർ 1 7 ന് കോട്ടപ്പുറം വാട്ടർ ഫ്രണ്ടിൽനിന്നും ബോട്ടിൽ സഞ്ചരിച്ചു പൈതൃക പദ്ധതി പ്രദേശങ്ങൾ  സന്ദർശിച്ചു.



## എഡ്യൂക്കേഷൻ ഡിപാർട്ട്മെന്റ്-മീറ്റിംഗ്

ഡിസംബർ 5,6,7 തീയതികളിൽ സംഘടിപ്പിച്ച വിവേകാനന്ദ വാർഷികാഘോഷ പരിപാടിയുടെ സമാപന സമ്മേളനം കോട്ടപ്പുറത്തു നടന്നു. വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ മദൻ മോഹനൻ ഉൾപ്പെടുന്ന സംഘം കൊടുങ്ങല്ലൂരിലെ മുസിരിസ് ഇന്റർ നാഷണൽ കൺവെൻഷൻ സെന്ററിൽ പരിപാടിക്കു മുന്നോടിയായി യോഗം ചേർന്നു.



## സ്റ്റാഫ് മീറ്റിംഗ്

സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്കിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റാഫ് മീറ്റിംഗ് നവംബർ 22ന് നടത്തി.



## A.M.A മീറ്റിംഗ്

അപ്രൂവ്ഡ് മുസിരിസ് അമ്പാസിഡേഴ്സ് എന്ന പേരിൽ പ്രാദേശികമായി പരിശീലനം നൽകി തിരഞ്ഞെടുത്തവർക്ക് സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്കിനു മുന്നോടിയായി അവലോകന യോഗവും ട്രെയിനിംഗ് സെഷനും മുസിരിസ് എം.ഡി., പി.എം. നൌഷാദിന്റെ അദ്ധ്യക്ഷതയിൽ നവംബർ 18 ന് മുസിരിസ് കൺവെൻഷൻ സെന്ററിൽ നടന്നു.





## ആലപ്പുഴ പൈതൃക പദ്ധതി പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സ്പെഷ്യൽ കവറിൽ

ആലപ്പുഴ പൈതൃക പദ്ധതിയുടെ പ്രചാരണത്തിനായി തപാൽ വകുപ്പിന്റെ സഹകരണത്തോടെ പ്രത്യേക തപാൽ കവർ പ്രസിദ്ധീകരിച്ചു. പൈതൃക സംരക്ഷണം, സ്മാരകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഫിലാറ്റലിക് ശേഖരത്തിൽ ഈ കവറുകൾക്ക് വലിയ പ്രാധാന്യമുണ്ടാകും. ആലപ്പുഴ ന്യൂ മോഡൽ സൊസൈറ്റിയിൽ നടന്ന ചടങ്ങിൽ റിജിയണൽ പോസ്റ്റ് മാസ്റ്റർ ജനറൽ ശ്രീമതി മറിയാമ്മ തോമസ് ഐ പി ഒ എസ് സ്പെഷ്യൽ കവർ റിലീസ് ചെയ്തു. കവർ അമ്പലപ്പുഴ എം.എൽ.എ. ശ്രീ എച്ച്. സലാം ഏറ്റുവാങ്ങി. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. സൗമ്യ രാജ്, മുസിരിസ് എം.ഡി. ശ്രീ. പി.എം നൗഷാദ് തുടങ്ങിയവർ പങ്കെടുത്തു.

## വ്യാപാരികളുമായുള്ള കൂടിക്കാഴ്ച

ആലപ്പുഴ പദ്ധതി പ്രദേശത്തിന് കീഴിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമവും സുതാര്യവുമായി നടക്കുന്നതിന് വ്യാപാരികളുമായി മുസിരിസ് പ്രൊജക്റ്റ് മാനേജിങ് ഡയറക്ടർ പി.എം.നൗഷാദ് ചർച്ച നടത്തി. ന്യൂ മോഡൽ കയർ സൊസൈറ്റിയുടെ ആലപ്പുഴ പൈതൃക പദ്ധതി ഇൻഫോർമേഷൻ സെന്ററിൽ വെച്ചായിരുന്നു ചർച്ച നടന്നത്.

## ഇൻഫർമേഷൻ ബോഡുകൾ

ആലപ്പുഴ പദ്ധതി പ്രദേശത്തിന് കീഴിലുള്ള കനാൽ പരിസരങ്ങളിൽ ഇരുപത്തിയഞ്ചോളം ഇൻഫർമേഷൻ ബോഡുകൾ സ്ഥാപിച്ചു. കനാലിനെ മലിനപ്പെടുത്താതെ സൂക്ഷിക്കുക എന്നത് പൊതുജനങ്ങളെ ബോധവാന്മാരാക്കുക എന്നത് ഇതിലൂടെ ലക്ഷ്യമിടുന്നു.





## കണ്ണൻ വർക്കി നടപ്പാലം മുപ്പാലം സൗന്ദര്യവത്കരണം

ശോചനീയാവസ്ഥയിലായിരുന്ന മുപ്പാലത്തിന്റെ ഇരുകരകളുടേയും സൗന്ദര്യ വത്കരണം നടന്നുകൊണ്ടിരിക്കുന്നു. തകരാറിലായിരുന്ന ലൈറ്റുകൾ മുപ്പാലത്തിന്റെ ഇരുകരകളിലും ആലപ്പുഴ പൈതൃക പദ്ധതിയുടെ നേതൃത്വത്തിൽ പുനഃസ്ഥാപിച്ചു. കണ്ണൻ വർക്കി നടപ്പാലം പദ്ധതിയുടെ കീഴിൽ ശുചീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തു

## ലോകമേ തറവാട് ഡിസംബർ 30 വരെ നീട്ടി

ലോകമെമ്പാടുമുള്ള 267 കലാകാരന്മാർ പങ്കെടുക്കുന്ന ലോകമേ തറവാട് ഡിസംബർ 30 വരെ നീട്ടി. ആലപ്പുഴ പൈതൃക പദ്ധതിയുടെ ലിവിങ് കയർ മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, പോർട്ട് മ്യൂസിയം എന്നിവിടങ്ങളിലാണ് ലോകമേ തറവാട്, മൂവായിരത്തിലധികം സർഗ്ഗ സൃഷ്ടികളുമായി കലാസ്വാദകരെ കാത്തിരിക്കുന്നത്.

# ചേരമാൻ ജുമാ മസ്ജിദിന് ഒരുകോടി രൂപ ധനസഹായം



കൊടുങ്ങല്ലൂർ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദിൽ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തികൾക്കായി സംസ്ഥാന സർക്കാർ ഒരുകോടി രൂപ ധനസഹായം അനുവദിച്ചു. പള്ളിയുടെ ചുറ്റമതിലിന്റെ പുനർനവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമായാണ് ധനസഹായം ലഭ്യമായതെന്ന് അഡ്വ. വി ആർ സുനിൽകുമാർ എം എൽ എ അറിയിച്ചു. എഴാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടു എന്ന് കരുതപ്പെടുന്ന പള്ളിയിൽ 1974ന് ശേഷം കൂട്ടി ചേർത്തിട്ടുള്ള ഭാഗങ്ങൾ നീക്കം ചെയ്ത് പഴയ പള്ളി തനത് രൂപത്തിൽ 1.18 കോടി രൂപ ചിലവഴിച്ചു പുനഃസ്ഥാപിച്ചു.

## പുരാവസ്തു അവശേഷിപ്പുകൾ

| | |
|---|---|
| മ്യൂസിയം | : പട്ടണം ചിൽഡ്രൻസ് മ്യൂസിയം |
| പുരാവസ്തുവിന്റെ പേര് | : മൺപാത്രം |
| മെറ്റീരിയൽ | : കളിമണ്ണ് |
| വലിപ്പം | : കളിമൺ ശകലങ്ങൾ |

### പുരാവസ്തു ഉത്ഘനന പ്രദേശത്തിന്റെ വിവരണം:

പട്ടണം എന്ന പുരാവസ്തു ഉത്ഘനന പ്രദേശങ്ങളിൽ നിന്നുമാണ് മുകളിൽ സൂചിപ്പിച്ച മൺപാത്രശകലങ്ങൾ കണ്ടെടുത്തിരിക്കുന്നത്. ഈ പ്രദേശം (N. Lat. 10°09.434'; E. Long. 76°12.587'), കേരളത്തിലെ എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ വടക്കേക്കര ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്.



### പുരാവസ്തു വിവരണം:

നിലവിൽ ഇന്ത്യയിൽ കാണാത്തതരത്തിലുള്ള ചില വ്യത്യസ്ത തരം മൺപാത്രങ്ങൾ പട്ടണത്തെ ഉത്ഘനന പ്രദേശത്തു നിന്നും ലഭിച്ചിട്ടുണ്ട്. വ്യത്യസ്തമായ രൂപഘടനയുള്ള അംഗീകൃത വിഭാഗങ്ങളിൽ പെടാത്ത അത്തരം മൺപാത്രങ്ങളെ പട്ടണം ഉത്ഖനന ഗവേഷകർ "അൺഐഡന്റിഫൈഡ് പോട്ടറി" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുകയാണ്.

വ്യത്യസ്തവും ഇതുവരെ തിരിച്ചറിയപ്പെടാത്തതുമായ മൺപാത്രങ്ങളുടെ ഇത്തരത്തിലുള്ള ഇനത്തെ പട്ടണം വെയർ എന്നാണ് ഗവേഷകർ വിളിച്ചു പോരുന്നത്. ഇത്തരത്തിലുള്ള മൺപാത്ര ശകലങ്ങൾക്കു പിങ്ക് നിറമാണ്. ഈ ഗ്രൂപ്പിൽ പെടുന്ന മിക്ക ശകലങ്ങളും കട്ടിയുള്ള സംഭരണ പാത്രങ്ങളുടെ അവശിഷ്ടങ്ങളായാണ് മനസിലാക്കുവാൻ സാധിക്കുന്നത്. എന്നിരുന്നാലും ചിലത്, കനം കുറഞ്ഞ പാത്രങ്ങളുടെ ബാക്കിയുമായി കാണപ്പെടുന്നുമുണ്ട്. അജ്ഞാതമായ ഇത്തരത്തിലുള്ള മൺപാത്ര ശകലങ്ങൾ പട്ടണത്ത് നിന്നും ആദ്യമായി ഖനനം ചെയ്യപ്പെട്ടതായതിനാലാണ് ഈ ഗ്രൂപ്പിന് താൽക്കാലികമായി പട്ടണം വെയർ എന്ന് പേരിട്ടിരിക്കുന്നത്. അടുത്തിടെ, ഒമാനിലെ ഖോർ റോറിയുടെ പുരാവസ്തു ഉത്ഘനന പ്രദേശത്ത് നിന്ന് സമാനമായ മൺപാത്ര ശകലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717